LIBRARY ARCHIVES Kerala Legislative Assembly

## ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ

19 (*319) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് യഥാവിധി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനുമായി ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തലങ്ങളിലാണ് ഇവ രൂപീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പൊതുവിതരണം സംബന്ധിച്ച് ജനങ്ങൾ നൽകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പ്രസ്തുത സമിതികൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി.തിലോത്തമൻ):
(എ&ബി) ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം 2001-നെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന/ജില്ല/താലൂക്ക്/പഞ്ചായത്ത് തലങ്ങളിൽ ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന/ ജില്ല/ താലൂക്ക്/റേഷൻകടതല വിജിലൻസ് സമിതികൾ സംസ്ഥാന ഭക്ഷ്യ ഭദ്രതാനിയമം നിലവിൽ വന്നതിനുശേഷം ആരംഭിക്കുന്നതാണ്.

(സി) വിജിലൻസ് സമിതികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും ലഭിക്കുന്ന പരാതികളിൽ/നിർദ്ദേശങ്ങളിൽ ആവശ്യമായ തുടർ നടപടികൾ യഥാസമയം സ്വീകരിക്കുന്നതുമാണ്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണമായ രീതിയിൽ നടപ്പിലാക്കുമ്പോൾ രൂപീകരിക്കപ്പെടുന്ന പുതിയ വിജിലൻസ് സമിതികളുടെ പ്രവർത്തനം നിയമം അനുശാസിക്കുന്ന തരത്തിൽ ആയിരിക്കുവാൻ എല്ലാ കരുതലുകളും സ്വീകരിക്കുന്നതാണ്.